Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

സർക്കുലർ: 10/2024

# സർക്കുലർ

ഈശോയിൽ പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, അൽമായസഹോദരങ്ങളേ,

**ഡീക്കന്മാരുടെ തിരുപ്പട്ട ദാന ശുശ്രൂഷ**
നമ്മുടെ അതിരൂപതയിലെ എട്ടു ഡീക്കന്മാരുടെ തിരുപ്പട്ടദാന ശുശ്രൂഷ നവംബർ നാലിന് രാവിലെ 9.30 ന് തൃക്കാക്കര മൈനർ സെമിനാരിയിൽ വച്ച് നടത്തുകയാണ്. തിരുപ്പട്ടം സ്വീകരിക്കുന്ന ഡീക്കന്മാർക്കുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം. പൌരസ്ത്യ സഭകൾക്കുള്ള കാര്യാലയത്തിന്റെ പ്രീഫെക്ടിന്റേയും മേജർ ആർച്ചുബിഷപ്പിന്റെയും കത്തുകളുടെ പശ്ചാത്തലത്തിൽ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ഡീക്കന്മാർക്കു നൽകിയ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ബഹുമാനപ്പെട്ട ഡീക്കന്മാർ ഒപ്പിട്ടു നൽകിയിരിക്കുന്ന സമ്മതപത്രപ്രകാരം അവർക്ക് ഏകീകൃത കുർബാന മാത്രമേ അർപ്പിക്കുവാൻ പാടുള്ളൂ. നവവൈദികരുടെ ഇടവകകളിൽ പുത്തൻ കുർബാന ഏകീകൃതരീതിയിൽ അർപ്പിക്കുവാൻവേണ്ട ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുവാൻ അതാത് ഇടവക വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

**വിശുദ്ധ കുർബാന**
വിശുദ്ധ കുർബാന അർപ്പണരീതി എറണാകുളം അങ്കമാലി അതിരൂപതയിൽ നടപ്പാക്കുന്നതിനുള്ള ഒരുക്കമെന്നോണം 2024 ജൂൺ 9 ലെ സർക്കുലറിലും (Ref. No.4/2024), ജൂൺ 29 ലെ സിനഡാനന്തര അറിയിപ്പിലും (Ref.No.5/2024), ജൂലൈ 1-ലെ അറിയിപ്പിലും (Ref.No.6/2024) നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ശിക്ഷണ നടപടികളിൽ നിന്ന് ഒഴിവ് ലഭിക്കാൻ ഇടവക ദൈവാലയങ്ങളിൽ നിലവിലുള്ള ഔദ്യോഗിക സമയക്രമങ്ങളിൽ ആയിരിക്കണം ഏകീകൃത കുർബാന അർപ്പണം നടത്തേണ്ടത്. മാത്രമല്ല, നമ്മുടെ ഇടവകകളിൽ ഏകീകൃത ബലിയർപ്പിക്കാൻ ആഗ്രഹിക്കുന്ന വൈദികർക്കും മെത്രാന്മാർക്കും അതിനുവേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും ചെയ്തു കൊടുക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

വിശുദ്ധ കുർബാനക്കിടയിലെ പ്രസംഗത്തിലും മറ്റ് അറിയിപ്പുകളിലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളെയും സഭാ നേതൃത്വത്തെയും വിമർശിക്കുന്നതും തെറ്റിദ്ധാരണാപരമായ പ്രസ്താവനകൾ നൽകുന്നതും അനുവദനീയമല്ല.

**പൊതുയോഗം /പ്രതിനിധി യോഗം**
പൊതുയോഗ-പ്രതിനിധിയോഗ നടപടിപ്രകാരം, "യോഗങ്ങളിൽ, രൂപതാധ്യക്ഷന്റെ കൽപനകൾക്കോ മാർഗ്ഗനിർദ്ദേശങ്ങൾക്കോ സഭയുടെ ഔദ്യോഗിക പ്രബോധനത്തിനോ കാനൻ നിയമങ്ങൾക്കോ എതിരായ പ്രസ്താവനയോ തീരുമാനമോ ചെയ്യാൻ അനുവാദമില്ല" (*അതിരൂപത നിയമസംഹിത 2009*, ഭാഗം III, 29).

**സാമൂഹിക മാധ്യമങ്ങൾ**
സാമൂഹിക മാധ്യമങ്ങളിലൂടെ സഭയെയും, സഭാ പ്രബോധനങ്ങളെയും, സഭാ നേതൃത്വത്തെയും വെല്ലുവിളിക്കുകയും നിരന്തരം അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന പ്രവണതയിൽനിന്ന് വൈദികരും അത്മായസഹോദരങ്ങളും പിന്മാറണം. സമൂഹമാധ്യമത്തിലൂടെ സഭയെ അപമാനിക്കുകയും

Major Archeparchy of Ernakulam-Angamaly
Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org

അപഹാസ്യമാക്കുകയും ചെയ്യുന്ന ഇത്തരം പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ കാനോനിക നടപടികൾ സ്വീകരിക്കുന്നതാണ്.

**ഔദ്യോഗികമല്ലാത്ത സംഘടനകൾ**

സഭയുടെ ഔദ്യോഗിക നിലപാടുകളെ വിമർശിക്കുകയോ സഭാ പ്രബോധനങ്ങളെയോ സഭാ നേതൃത്വത്തേയോ സമൂഹമാധ്യമങ്ങളിൽ ഇകഴ്ത്തി കാണിക്കുന്ന ഒരു സംഘടനയുടേയും ഭാഗമാകാൻ വൈദികരോ സന്യസ്തരോ അൽമായരോ മുതിരരുത്. ഇത്തരം സംഘടനകളുടെ യോഗങ്ങൾ നടത്തുന്നതിന് ഇടവക സംവിധാനങ്ങളോ സഭാ സ്ഥാപനങ്ങളോ മറ്റു സഭാവേദികളോ വിട്ടു നൽകുവാൻ പാടുള്ളതല്ല.

**അതിരൂപതാകച്ചേരി**

അതിരൂപതാകച്ചേരിയെ വിവിധ കാര്യങ്ങൾക്കായി സമീപിക്കേണ്ടവർക്ക് അതിനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിരിക്കും. രൂപതാദ്ധ്യക്ഷന്റെ അംഗീകാരം ഇല്ലാത്ത ഒരു യോഗവും കൂടിച്ചേരലും അതിരൂപതാകാര്യാലയത്തിൽ അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും അല്മായരും രൂപതാദ്ധ്യക്ഷനെ കാണുന്നതിനായി മുൻകൂട്ടി അനുവാദം നേടിയിരിക്കണം. ഇപ്പോഴത്തെ സാഹചര്യത്തിൽ, അതിരൂപതാകാര്യാലയത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി പോലീസിന്റെ സഹായം തുടർന്നും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരും ഇക്കാര്യങ്ങളോട് സഹകരിക്കണമെന്നു സ്നേഹപൂർവം അഭ്യർഥിക്കുന്നു.

**പ്രാർത്ഥനയിൽ ഐക്യപ്പെടുക**

എറണാകുളം-അങ്കമാലി അതിരൂപതയിൽ ഏകീകൃത വിശുദ്ധ കർബാനയർപ്പണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം ആഗ്രഹിക്കുന്നവരാണ് നാമെല്ലാം. അതിനു വിപരീതമായി നിൽക്കുന്ന തിന്മയുടെ ശക്തികളെ അതിജീവിച്ച് മിശിഹായുടെ സ്നേഹത്തിലും ഐക്യത്തിലും ഒന്നിച്ചു മുന്നോട്ടു പോകുവാൻ നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ അനുസരണത്തിന്റെ മാതൃകയല്ലാതെ മറ്റൊരു മാതൃകയും മാർഗ്ഗവും നമുക്കു മുന്നിലില്ല. ഈ ബോധ്യം ഈശോയിൽ ഐക്യപ്പെട്ട് സ്നേഹത്തിൽ സഹവസിക്കുവാൻ നമുക്ക് പ്രചോദനമാകട്ടെ.

**ബിഷപ്പ് ബോസ്കോ പുത്തൂർ**
അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എറണാകുളം-അങ്കമാലി അതിരൂപത
30-10-2024

MAJOR ARCHEPARCHIAL CURIA • ERNAKULAM-ANGAMALY •

........................................

ഈ സർക്കുലർ 2024 നവംബർ 3-ാം തീയതി ഞായറാഴ്ച വിശുദ്ധ കുർബാന മദ്ധ്യേ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.